I ഇ.ബി. XIII- കേരള നിയമസഭ/IX-8

## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ജൂൺ 19, ബുധൻ

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### റൂളിംഗ്

### കീഴ്‌വഴക്കമനുസരിച്ച് പ്രവർത്തിക്കാനുള്ള അധികാരം

മി. സ്പീക്കർ: ഇന്നലെ ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനു മുമ്പിൽ വന്ന് സഭാ നടപടികൾ തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയറിന്റെ അഭ്യർത്ഥന മാനിക്കാതെ ബഹളം തുടർന്നപ്പോൾ ചോദ്യോത്തരവേളയും ശൂന്യവേളയും സസ്പെന്റ് ചെയ്തു കൊണ്ട് ധനകാര്യ ബിസിനസ്സിലേക്ക് കടക്കുവാൻ ചെയർ നിർബന്ധിതനാവുകയും ചെയ്തു. കേരള നിയമസഭയിലെ പ്രീസിഡൻസ് കണക്കിലെടുത്താണ് ചെയർ ധനകാര്യ ബിസിനസ്സിലേയ്ക്ക് കടന്നത്. പത്താം കേരള നിയമസഭയുടെ പല സമ്മേളന ദിവസങ്ങളിലും ഇതുപോലുള്ള സന്ദർഭങ്ങ

ളിൽ ധനാഭ്യർത്ഥനകളും ധന വിനിയോഗ ബില്ലുകളും ചർച്ച കൂടാതെ സഭ പാസ്സാക്കിയിട്ടുണ്ട്. ഇന്നലെ ചെയർ കൈക്കൊണ്ട നടപടി കേരള നിയമസഭ യിലെ ആദ്യത്തെ അസാധാരണമായ സംഭവമല്ലെന്നും സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ ഗവൺമെന്റ് ബിസിനസ്സുകൾ നടത്തിക്കൊടുക്കുവാൻ ബാദ്ധ്യതപ്പെട്ട സഭാദ്ധ്യക്ഷന്മാർ കൈക്കൊണ്ടിട്ടുള്ള നടപടിയാണെന്നും കാണാവുന്നതാണ്. ഇത്തരം നടപടികൾ കൈക്കൊള്ളുവാൻ നിയമസഭാ ചട്ടം 314 അനുസരിച്ച് ചെയറിന് അധികാരമുണ്ട്. ഇന്നലെ കൈക്കൊണ്ട നടപടിയുടെ അടിസ്ഥാനത്തിൽ ചെയറിന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്യുന്നതും സഭയെക്കുറിച്ചും സഭയുടെ അന്തസ്സിനെക്കുറിച്ചും തെറ്റിദ്ധാരണ ഉണ്ടാക്കുന്ന തരത്തിൽ അംഗങ്ങൾ തന്നെ സഭയ്ക്ക് പുറത്ത് അഭിപ്രായം നടത്തുന്നതും ആശാസ്യമല്ല. സഭാ നടപടികൾ റിപ്പോർട്ട് ചെയ്യുമ്പോൾ വസ്തുതകൾ മനസ്സിലാക്കി റിപ്പോർട്ട് ചെയ്യുവാൻ മാധ്യമപ്രവർത്തകർക്കും ബാധ്യതയുണ്ട്.

## അടിയന്തര പ്രമേയം

### യുവജന-മഹിളാ സംഘടനകൾക്കുനേരെ നടന്ന പോലീസ് അതിക്രമം

മി. സ്പീക്കർ: സൗരോർജ്ജ കേസുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി രാജിവച്ച് അന്വേഷണം നേരിടണമെന്ന് ആവശ്യപ്പെട്ട് നിയമസഭകളിലേക്കും കളക്ടറേറ്റുകളിലേക്കും യുവജന-മഹിളാ സംഘടനകൾ നടത്തിയ മാർച്ചിന് നേരെ പോലീസ് ഗ്രനേഡുകളും കണ്ണീർ വാതകഷെല്ലുകളും പ്രയോഗിച്ചതിനെത്തുടർന്ന് മഹിളാ നേതാക്കന്മാരുൾപ്പടെയുള്ള

പ്രവർത്തകർക്ക് പരിക്കേറ്റതുമൂലവും സോളാർ തട്ടിപ്പ് കേസിലെ ഞെട്ടിക്കുന്ന പുതിയ അറിവുകൾ ഓരോന്നായി പുറത്തുവന്നുകൊണ്ടിരിക്കുന്നതുമൂലവും ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.എസ്. സുനിൽ കുമാർ, രാജു എബ്രഹാം, സി. കെ. നാണു, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സോളാർ പാനൽ തട്ടിപ്പുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി രാജി വയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 17–06–2013–ന് ഡി.വൈ.എഫ്.ഐ., എ.ഐ.വൈ.എഫ്. പ്രവർത്തകർ നടത്തിയ മാർച്ചിൽ ഉണ്ടായ സംഘർഷത്തെത്തുടർന്ന് മ്യൂസിയം, കന്റോൺമെന്റ് പോലീസ് സ്റ്റേഷനുകളിൽ 8 കേസ്സുകൾ രജിസ്റ്റർ ചെയ്തെങ്കിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. പ്രകടനം അക്രമാസക്തമായതിനെത്തുടർന്ന് പോലീസ് ജലപീരങ്കി, കണ്ണീർവാതകം എന്നിവ പ്രയോഗിക്കുകയും സംഘടനാ നേതാക്കൾ ഉൾപ്പെടെ നിരവധിപേർ പരിക്കേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സ തേടുകയും ചെയ്തു. 18–06–2013–ന് ഭാരതീയ യുവമോർച്ച, എ.ഐ.വൈ.എഫ്. പ്രവർത്തകർ നടത്തിയ മാർച്ചും അക്രമാസക്തമായതിനെത്തുടർന്ന് ജലപീരങ്കി ഉപയോഗിച്ചു. പോലീസ് കണ്ണീർ വാതക ഷെല്ലിൽ ഉപയോഗിക്കുന്ന രാസവസ്തുക്കളെല്ലാം മുൻഗവൺമെന്റിന്റെ കാലഘട്ടത്തിൽ വാങ്ങിയിട്ടുള്ളതാണ്. രണ്ടു

ദിവസങ്ങളിൽ നടന്ന അക്രമ സംഭവങ്ങളിൽ 36 പോലീസുദ്യോഗസ്ഥർക്ക് പരിക്കുപറ്റിയിട്ടുണ്ട്. അനർട്ടിന്റെ പാനലിൽ ഉൾപ്പെടുത്തേണ്ട കമ്പനികൾക്ക് മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവൽ എനർജിയുടെ അംഗീകാരം നിർബന്ധമാണ്. ഈ അംഗീകാരമില്ലാത്ത ടീം സോളാർ കമ്പനിക്ക് ഒരു ഓർഡറും ഗവൺമെന്റ് നൽകിയിട്ടില്ല. ഇത്തരം ആരോപണം നിലനിൽക്കുന്നതല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സൗരോർജ്ജ പാനൽ കേസ്സുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി രാജിവച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് പ്രക്ഷോഭം നടത്തിയ പ്രതിപക്ഷ യുവജന സംഘടനകളെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താനുള്ള സർക്കാരിന്റെ ശ്രമങ്ങൾ വിലപ്പോകില്ല. സമാധാനപരമായി ജാഥ നടത്തിയ യുവജന സംഘടന കൾക്കുനേരെ പ്രയോഗിച്ച കണ്ണീർ വാതക ഷെല്ലിൽ അടങ്ങിയിരുന്ന മാരക രാസവസ്തു എന്താണെന്ന് സർക്കാർ വ്യക്തമാക്കണം. ഈ കേസ്സുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ഓഫീസിൽ വന്നിട്ടുള്ള ഫോൺ കോളുകളിന്മേൽ നടപടി സ്വീകരിക്കാത്തതും ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ദുരൂഹത നീക്കുന്നതിന് തയ്യാറാകാത്തതും എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. മുഖ്യമന്ത്രിയുടെ ഓഫീസിലും വസതിയിലും സ്ഥാപിച്ചിരിക്കുന്ന സൗരോർജ്ജ പാനലിന് അനെർട്ടിന്റെ അംഗീകാരമുണ്ടോയെന്നുള്ളത് വ്യക്തമാക്കണം. സംസ്ഥാന മുഖ്യമന്ത്രിക്കെതിരെ ഉയർന്നിരിക്കുന്ന ഗുരുതരമായ ഈ ആരോപണത്തിന്മേൽ അന്വേഷണം നടത്തണം. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സോളാർ പാനൽ സ്ഥാപിക്കുന്നതിന് യോഗ്യതയുള്ള സ്ഥാപനങ്ങളായി അനർട്ട് തെരഞ്ഞെടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്കാണ് ഇത് സ്ഥാപിക്കാൻ അനുമതി നൽകിയിരിക്കുന്നത്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(മന്ത്രിയുടെ മറുപടിയിലെ ചില പദപ്രയോഗങ്ങൾ പിൻവലിച്ച് മാപ്പുപറയണമെന്നും മുഖ്യമന്ത്രി രാജി വയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുവിട്ട് സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നതിനെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുകയും അജണ്ടയിലെ അടുത്ത നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ

കാര്യവിവര പട്ടികയിലെ 3 (1) (2) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി I-ന്റെ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി II-ന്റെ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2012-13-ലെ ധനാഭ്യർത്ഥനകളുടെ

പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(3) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) സബ്ജക്ട് കമ്മിറ്റി VII-ന്റെ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

**2013-2014 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും**

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX - വാഹനനികുതികൾ (50,03,10,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIX- വൈദ്യുത പദ്ധതികൾ (101,74,58,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം (1256,21,78,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. ധനാഭ്യർത്ഥന ചർച്ച റദ്ദ് ചെയ്തു.)

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 10. 15-ന് പിരിഞ്ഞു.

-----------